# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 920 — 30/01/2019-ലെ മറുപടി

## ഫ്ലഡ് മാപ്പ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.അൻവർ സാദത്ത് | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ ഡാമുകൾ തുറന്നാൽ ഏതൊക്കെ പ്രദേശങ്ങൾ വെള്ളത്തിനടിയിലാകുമെന്നത് സംബന്ധിച്ച വിശദമായ ഫ്ലഡ് മാപ്പ് വകുപ്പിന്റെ കൈവശമുണ്ടോ; | എ | ജലവിഭവ വകുപ്പിന്റെ കീഴിലുള്ള 14 ഡാമുകളുടെ Inundation Map തയ്യാറാക്കിയിട്ടുണ്ട്. |
| ബി) എങ്കിൽ ആഗസ്റ്റിലുണ്ടായ പ്രളയം മൂലം ഡാമുകൾ തുറന്നപ്പോൾ കാലേക്കൂട്ടി ജനങ്ങൾക്ക് ഇതുസംബന്ധിച്ച് മുന്നറിയിപ്പ് നൽകുന്നതിന് ജലവിഭവ വകുപ്പ് പരാജയപ്പെട്ടത് ഏത് സാഹചര്യത്തിലാണ്;<br><br>സി) ഇത്തരം മുന്നറിയിപ്പുകൾ യഥാസമയം നൽകിയിരുന്നുവെങ്കിൽ പ്രളയത്തിലുണ്ടായ നഷ്ടം ഒരു പരിധിവരെ കുറയ്ക്കുവാൻ സാധിക്കുമായിരുന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ; | ബി<br>&<br>സി | നിലവിൽ ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകളുടെ പ്രവർത്തനത്തിനായി തയ്യാറാക്കിയിട്ടുള്ള മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ മഴക്കാലത്ത് FRL വരെ ജലം സംഭരിക്കുകയും സംഭരണ ശേഷി കവിയുമ്പോൾ അധിക ജലം നിയന്ത്രിതമായി തുറന്നുവിടുകയുമാണ് ചെയ്യുന്നത്. ഇതിനായി Warning Level നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഡാം തുറക്കുന്നതിനുമുമ്പ് ജില്ലാ അധികാരികൾക്ക് മുന്നറിയിപ്പ് നൽകുന്നതാണ്. ആഗസ്റ്റ് മാസത്തിലെ മഴക്കാലത്തും മേൽ പ്രകാരമാണ് ഡാമുകൾ തുറന്നുവിട്ടത്. |
| ഡി) ഭാവിയിൽ ഇത്തരം അടിയന്തര സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും ചർച്ച നടത്തുകയോ തീരുമാനം എടുക്കുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | ഡി | സെൻട്രൽ വാട്ടർ കമ്മീഷൻ (CWC) തയ്യാറാക്കി നൽകിയ 14 ഡാമുകളുടെ Inundation Map ഉപയോഗിച്ച് Emergency Action Plan തയ്യാറാക്കി, CWC യിൽ സമർപ്പിച്ചിരുന്നു. സെൻട്രൽ വാട്ടർ കമ്മീഷൻ നിർദ്ദേശമനുസരിച്ച് അതിൽ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു. കൂടാതെ ജലസേചന വകുപ്പിന്റെ എല്ലാ |

ഡാമുകളുടെയും സംഭരണശേഷിയിൽ പ്രളയ ജലവും കൂടി ശേഖരിക്കാവുന്ന വിധത്തിലുള്ള ഡാം മാനേജ്മെന്റിനായി റൂൾ കേർവ് തയ്യാറാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**